**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4776** **02-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ഫിഷറീസ് വകുപ്പിന്റെ കടൽക്ഷോഭ സുരക്ഷ മുൻകരുതൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മൺസൂൺ കാല കടൽക്ഷോഭം നിലനിൽക്കുന്ന സാഹചര്യത്തിൽ കടലിൽ രക്ഷ ഒരുക്കാൻ ഫിഷറീസ് വകുപ്പ് കാസർഗോഡ് ജില്ലയിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കുയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മൺസൂൺ കാല കടൽക്ഷോഭം നിലനില്ക്കുന്ന സാഹചര്യത്തിൽ കടലിൽ രക്ഷ ഒരുക്കാൻ ഫിഷറീസ് വകുപ്പ് കാസർഗോഡ് ജില്ലയിൽ 2024 മെയ് 15 മുതൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം കാഞ്ഞങ്ങാട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. ജില്ലയിൽ കടൽ രക്ഷാ പ്രവർത്തനത്തിനും പട്രോളിംഗിനുമായി മഞ്ചേശ്വരം, മടക്കര ഹാർബറുകൾ കേന്ദ്രീകരിച്ച് 02 ബോട്ടുകളും, കീഴൂർ കേന്ദ്രീകരിച്ച് 01 ഫൈബർ തോണിയും സജ്ജീകരിച്ചിട്ടുണ്ട്. കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ഹാർബറുകൾ കേന്ദ്രീകരിച്ച് 15 സീ റെസ്ക്യൂ ഗാർഡുമാർ, 02 മറൈൻ എൻഫോഴ്സ്മെന്റ് ടീം, 09 കോസ്റ്റൽ പോലീസ് എന്നിവർ ജോലി ചെയ്തു വരുന്നു. കടൽ സുരക്ഷയുടെയും, തീരസുരക്ഷയുടെയും ഭാഗമായി കടൽ പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രോളിംഗ് ബോട്ടുകൾ എല്ലാം കടലിൽ നിന്നും സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) | രക്ഷാ പ്രവർത്തനങ്ങൾ നടത്താൻ ഫിഷറീസ് വകുപ്പിന് ജില്ലയിൽ സ്വന്തമായുള്ള സാമഗ്രികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | രക്ഷാ പ്രവർത്തനത്തിന് ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ഒരു ഫൈബർ യാനവും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ജില്ലയിലെ വിവിധ തീരദേശ മേഖലകളിൽ എത്തിപ്പെടുന്നതിന് വേണ്ടി ഫിഷറീസ് മൊബൈൽ റെസ്ക്യൂ യൂണിറ്റായി ഒരു ബോലെറോ വാഹനവും ഫിഷറീസ് വകുപ്പിന് സ്വന്തമായുണ്ട്. വാടകക്കെടുത്താണ് മറ്റു ബോട്ടുകൾ പ്രവർത്തിച്ച് വരുന്നത്. |
| (സി) | ഫിഷറീസ് വകുപ്പിന് സംസ്ഥാനത്ത് എത്ര മറൈൻ ആംബുലൻസുകളാണുള്ളതെന്നും ഇവ എവിടെയൊക്കെയാണ് ഉള്ളതെന്നും വ്യക്തമാക്കാമോ; | (സി) | ഫിഷറീസ് വകുപ്പിന് സംസ്ഥാനത്ത് മൂന്ന് മറൈൻ ആംബുലൻസുകളാണ് ഉള്ളത്. ഇവ ദക്ഷിണ, ഉത്തര, മദ്ധ്യ മേഖലകളിലെ ജില്ലകളിൽ അടിയന്തിര ആവശ്യങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതിലേക്കായി തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ഡി) | മറൈൻ ആംബുലൻസുകൾ ഇല്ലാത്ത ജില്ലകളിൽ ദുരന്തം നടന്നാൽ രക്ഷാപ്രവർത്തനങ്ങൾ എങ്ങനെ നടത്തുമെന്ന് വിശദമാക്കാമോ; | (ഡി) | മറൈൻ ആംബുലൻസുകൾക്ക് പുറമേ കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഓരോ രക്ഷാ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്രോൾ ബാൻ കാലത്ത് മാത്രം 9 ജില്ലകളിലായി 20 രക്ഷാ ബോട്ടും 6 FRP ബോട്ടുകളും സജ്ജീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സഹായവും അടിയന്തിര രക്ഷാ പ്രവർത്തനങ്ങളിൽ ഉപയോഗിക്കാറുണ്ട്. |
| (ഇ) | കാസർഗോഡ് ജില്ലക്ക് എഫ്.ആർ.പി. തോണികൾ അനുവദിച്ചിട്ടുണ്ടോയെന്നും ഈ തോണികളുടെ പ്രത്യേകത എന്താണെന്നും വ്യക്തമാക്കാമോ; | (ഇ) | കാസർഗോഡ് ജില്ലയ്ക്ക് കീഴർ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് 01 ഫൈബർ തോണി (F.R.P) അനുവദിച്ചിട്ടുണ്ട്. ഫിഷറീസ് റെസ്ക്യൂ യൂണിറ്റ് എന്ന നിലയിൽ കമ്യൂണിക്കേഷൻ, ജീവൻ രക്ഷാ ഉപകരണങ്ങൾ ഇതിൽ സജജികരിച്ചിട്ടുണ്ട്. 9.9, 25 HP ശേഷിയുള്ള 02 എഞ്ചിനുകൾ യാനത്തിൽ ഉപയോഗിക്കുന്നുണ്ട്. കടൽ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന് ഗോവയിലെ NATIONAL INSTITUTE OF WATER SPORTS (NIWS) -ൽ നിന്നും പരിശീലനം പൂർത്തിയാക്കിയ മത്സ്യത്തൊഴിലാളി യുവാക്കളെ റെസ്ക്യൂ ഗാർഡുമാരായി നിയമിച്ചിട്ടുണ്ട്. |
| (എഫ്) | കാസർഗോഡ് ജില്ലയിൽ സ്ഥിരമായി മറൈൻ ആംബുലൻസ് വേണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ മറൈൻ ആംബുലൻസ് അനുവദിക്കുന്നതിന് നിലവിൽ പദ്ധതികൾ ഇല്ല. |

സെക്ഷൻ ഓഫീസർ